# 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് (2018-ലെ 2-ാം ആക്റ്റ്) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിലെ (2018-ലെ 2-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിലെ (കെ) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (കെ) "രജിസ്റ്റർ" എന്നാൽ രജിസ്റ്റർ ചെയ്യപ്പെട്ട ക്ലിനിക്കൽ സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയതും ഈ ആക്റ്റിന്റെ 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കൗൺസിൽ വച്ചുപോരുന്നതും പ്രസിദ്ധപ്പെടുത്തിയതുമായ സംസ്ഥാന രജിസ്റ്റർ എന്നർത്ഥമാകുന്നു;".

3. 3-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെ (എച്ച്) ഖണ്ഡത്തിൽ, "1953-ലെ തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്റ്റിന്റെ (1953-ലെ IX)" എന്നീ അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും വാക്കുകൾക്കും ബ്രാക്കറ്റിനും പകരം "2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റിന്റെ (2021-ലെ 36-ാം ആക്റ്റ്)" എന്നീ അക്കങ്ങളും ചിഹ്നങ്ങളും വാക്കുകളും ബ്രാക്കറ്റും ചേർക്കേണ്ടതാണ്.

4. 14-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 14-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (ഡി), (ഇ) ഖണ്ഡങ്ങൾക്ക് പകരം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ഡി) ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിനിലെ ജില്ലാ മെഡിക്കൽ ഓഫീസർ, എക്സ്-ഒഫീഷ്യോ ;

(ഇ) ഹോമിയോപ്പതിക് സിസ്റ്റം ഓഫ് മെഡിസിനിലെ ജില്ലാ മെഡിക്കൽ ഓഫീസർ, എക്സ്-ഒഫീഷ്യോ ;

(ഇഎ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഡെന്റൽ സർജൻ;".

5. 15-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 15-ാം വകുപ്പിന്റെ (ഇ) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (ഇ) സുരക്ഷ, അണുബാധ നിയന്ത്രണം, ചികിത്സാ മാർഗ്ഗങ്ങൾ എന്നിവയുടെ നിലവാരം നിശ്ചയിച്ചുകൊണ്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖകൾ പാലിക്കുമെന്ന് ഉറപ്പ് നൽകുക;".

6. 20-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 20-ാം വകുപ്പിലെ "മൂന്ന്" എന്ന വാക്കിന് പകരം "അഞ്ച്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

7. 48-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 48-ാം വകുപ്പിന്റെ മാർജിനൽ ശീർഷകത്തിലെയും (1)-ാം ഉപവകുപ്പിലെയും, "കൗൺസിലിലെയും അതോറിറ്റിയിലെയും" എന്നീ വാക്കുകൾക്ക് പകരം "കൗൺസിലിലെയും നിർവ്വാഹക സമിതിയിലെയും അതോറിറ്റിയിലെയും" എന്നീ വാക്കുകളും, (3)-ാം ഉപവകുപ്പിലെ "കൗൺസിലിലെയോ അതോറിറ്റിയിലെയോ", "കൗൺസിലിന്റെ അല്ലെങ്കിൽ അതോറിറ്റിയുടെ" എന്നീ വാക്കുകൾക്ക് പകരം "കൗൺസിലിലെയോ നിർവ്വാഹക സമിതിയിലെയോ അതോറിറ്റിയിലെയോ", "കൗൺസിലിന്റെയോ നിർവ്വാഹക സമിതിയുടെയോ അല്ലെങ്കിൽ അതോറിറ്റിയുടെയോ" എന്നീ വാക്കുകളും യഥാക്രമം ചേർക്കേണ്ടതാണ്.

8. 49-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 49-ാം വകുപ്പിൽ,—

(1) "(1) കൗൺസിലിന്റെയും അതോറിറ്റിയുടെയും അംഗമായിരിക്കുന്നതിന്, അയാൾ:—" എന്നീ ബ്രാക്കറ്റിനും അക്കത്തിനും വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "കൗൺസിലിന്റെയും നിർവ്വാഹക സമിതിയുടെയും അതോറിറ്റിയുടെയും അംഗമായിരിക്കുന്നതിന്, അയാൾ,—" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ് ;

(2) ഖണ്ഡം (ഇ)-യിലെ "കൗൺസിലിലോ അതോറിറ്റിയിലോ" എന്നീ വാക്കുകൾക്ക് പകരം "കൗൺസിലിലോ നിർവ്വാഹക സമിതിയിലോ അതോറിറ്റിയിലോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

2024 ഒക്ടോബർ മാസം 15-ാം തീയതി കേരള സംസ്ഥാന നിയമസഭ ഈ ബിൽ പാസ്സാക്കി.

സ്പീക്കർ